പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 187

# 2019-ലെ കേരള തോട്ടം ഭൂമി നികുതി (റദ്ദാക്കൽ) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

Published on 19-03-2019

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 187

# 2019-ലെ കേരള തോട്ടം ഭൂമി നികുതി (റദ്ദാക്കൽ) ബിൽ

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 187

# 2019-ലെ കേരള തോട്ടം ഭൂമി നികുതി (റദ്ദാക്കൽ) ബിൽ

1960-ലെ കേരള തോട്ടം ഭൂമി നികുതി ആക്റ്റ് റദ്ദാക്കുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1960-ലെ കേരള തോട്ടം ഭൂമി നികുതി ആക്റ്റ് (1960-ലെ 17) റദ്ദാക്കേണ്ടത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2019-ലെ കേരള തോട്ടം ഭൂമി നികുതി (റദ്ദാക്കൽ) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. റദ്ദാക്കലും ഒഴിവാക്കലും.—(1) 1960-ലെ കേരള തോട്ടം ഭൂമി നികുതി ആക്റ്റ് (1960-ലെ 17) (ഇതിനുശേഷം റദ്ദാക്കപ്പെട്ട ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു:

എന്നാൽ അപ്രകാരമുള്ള റദ്ദാക്കൽ,—

(എ) ഈ ആക്റ്റിന്റെ പ്രാരംഭത്തിന് മുൻപ്, ചെയ്തിട്ടുള്ള ഏതെങ്കിലും കാര്യത്തെയോ ചെയ്ത ഏതെങ്കിലും കുറ്റത്തെയോ ചുമത്തിയിട്ടുള്ള ഏതെങ്കിലും പിഴയെയോ ശിക്ഷയെയോ, ആരംഭിച്ചിട്ടുള്ള ഏതെങ്കിലും നടപടിയെയോ ബാധിക്കുകയോ; അല്ലെങ്കിൽ

(ബി) റദ്ദാക്കൽ പ്രാബല്യത്തിൽ വന്ന സമയം പ്രാബല്യത്തിലുണ്ടായിരുന്നതോ നിലനിന്നിരുന്നതോ ആയ ഏതൊരു കാര്യത്തെയും പുനഃസ്ഥാപിക്കുകയോ; അല്ലെങ്കിൽ

(സി) റദ്ദാക്കപ്പെട്ട ആക്റ്റിന്റെ മുൻകാലത്തെ പ്രാബല്യത്തേയോ അതിൻകീഴിൽ യഥാവിധി ചെയ്തതോ സംഭവിച്ചതോ ആയ ഏതെങ്കിലും കാര്യത്തെയോ ബാധിക്കുകയോ; അല്ലെങ്കിൽ

(ഡി) റദ്ദാക്കപ്പെട്ട ആക്റ്റിന് കീഴിൽ, ആർജ്ജിച്ചതോ ഉണ്ടായിട്ടുള്ളതോ സംഭവിച്ചതോ ആയ ഏതെങ്കിലും അവകാശത്തെയോ വിശേഷാവകാശത്തെയോ ബാദ്ധ്യതയെയോ കടപ്പാടിനെയോ ബാധിക്കുകയോ; അല്ലെങ്കിൽ

(ഇ) റദ്ദാക്കപ്പെട്ട ആക്റ്റിനെതിരായി ചെയ്തിട്ടുള്ള ഏതെങ്കിലും കുറ്റം സംബന്ധിച്ചുള്ള ഏതെങ്കിലും പിഴയെയോ പിഴശിക്ഷയെയോ കണ്ടുകെട്ടലിനെയോ ശിക്ഷയെയോ ബാധിക്കുകയോ; അല്ലെങ്കിൽ

(എഫ്) മുൻപറഞ്ഞ പ്രകാരം അങ്ങനെയുള്ള ഏതെങ്കിലും അവകാശത്തെയോ വിശേഷാവകാശത്തെയോ കടപ്പാടിനെയോ ബാധ്യതയെയോ പിഴയെയോ പിഴശിക്ഷയെയോ കണ്ടുകെട്ടലിനെയോ ശിക്ഷയെയോ സംബന്ധിച്ചുള്ള ഏതെങ്കിലും അന്വേഷണത്തെയോ നിയമനടപടിയെയോ അല്ലെങ്കിൽ പരിഹാരത്തെയോ ബാധിക്കുകയോ,

ചെയ്യുന്നതല്ലാത്തതും, ഈ ആക്റ്റ് പാസ്സാക്കിയില്ലായിരുന്നു എന്ന രീതിയിൽ അപ്രകാരമുള്ള ഏതെങ്കിലും അന്വേഷണ വിചാരണയോ നിയമനടപടികളോ അല്ലെങ്കിൽ പരിഹാരമോ ആരംഭിക്കാവുന്നതും, തുടരാവുന്നതും അല്ലെങ്കിൽ നടപ്പിലാക്കാവുന്നതും അല്ലെങ്കിൽ അപ്രകാരമുള്ള ഏതെങ്കിലും പിഴയോ പിഴശിക്ഷയോ കണ്ടുകെട്ടലോ ശിക്ഷയോ ചുമത്താവുന്നതും ആകുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും, ഈ ആക്റ്റിന്റെ പ്രാരംഭതീയതിയിൽ, റദ്ദാക്കപ്പെട്ട ആക്റ്റിന്റെ കീഴിൽ നിയമിക്കപ്പെട്ട, അപ്പലേറ്റ് അതോറിറ്റി മുമ്പാകെ സമർപ്പിക്കപ്പെട്ടതും തീർപ്പാക്കാതെ നിലവിലിരിക്കുന്നതുമായ ഏതെങ്കിലും അപ്പീൽ, ഈ ആക്റ്റ് പാസ്സാക്കിയിട്ടില്ലായിരുന്നു എന്ന രീതിയിൽ അപ്രകാരമുള്ള അധികാരസ്ഥാനം കേൾക്കേണ്ടതും തീർപ്പാക്കേണ്ടതുമാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

തോട്ടം മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 2015 നവംബർ 27-ാം തീയതിയിലെ സ.ഉ.(കൈ) നമ്പർ 188/2015/തൊഴിൽ എന്ന ഉത്തരവ് പ്രകാരം റിട്ടയേർഡ് ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷനെ നിയമിക്കുകയും സർക്കാരിലേക്ക് സമർപ്പിച്ച പ്രസ്തുത റിപ്പോർട്ട് പരിശോധിച്ച് ആയത് നടപ്പിലാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി 2017 ജൂൺ 18-ാം തീയതിയിലെ സ.ഉ.(കൈ) നമ്പർ 44/2017/തൊഴിൽ എന്ന ഉത്തരവ് പ്രകാരം ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ഒരു കമ്മിറ്റി രൂപീകരിക്കുകയും തോട്ടം ഭൂമി നികുതി നിർത്തലാക്കണമെന്ന ആവശ്യം വളരെ പഴക്കമുള്ള ഒന്നാണെന്നും കേരളത്തിൽ മാത്രമാണ് ഇപ്പോൾ തോട്ടം ഭൂമി നികുതി നിലവിലുള്ളതെന്നും കമ്മിറ്റി നിരീക്ഷിക്കുകയും തോട്ടം ഭൂമി നികുതി ഒഴിവാക്കുന്നതിന് കമ്മിറ്റി ശിപാർശ ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ തോട്ടം ഭൂമി നികുതി ഒഴിവാക്കണമെന്ന ശിപാർശ സർക്കാർ അംഗീകരിക്കുകയും ചെയ്തു.

2. പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

ഇ. ചന്ദ്രശേഖരൻ.